# നീര ചെത്തുന്നതിന് 25,000 പേർക്ക് 32 കോടി ചെലവിൽ പരിശീലനം

**സ്വന്തം ലേഖകൻ**

തിരുവനന്തപുരം● സംസ്ഥാനത്തു നീര ചെത്തുന്നതിനു 25,000 പേർക്കു 32 കോടി രൂപ ചെലവിൽ പരിശീലനം നൽകാൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ സാന്നിധ്യത്തിൽ ചേർന്ന സംസ്ഥാന ഇന്നവേഷൻ കൗൺസിലിന്റെ ആദ്യ യോഗം തീരുമാനിച്ചു. ഇതു സംബന്ധിച്ചു നാളികേര വികസന ബോർഡ് അവതരിപ്പിച്ച പദ്ധതിക്കു യോഗം അംഗീകാരം നൽകുകയായിരുന്നു. ഇതിന് ആവശ്യമായ പണം വിവിധ വകുപ്പുകളിൽ നിന്നു സമാഹരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതിനോടകം പേരു റജിസ്റ്റർ ചെയ്തവർക്കു 45 ദിവസത്തെ പരിശീലനമാണു നൽകുക.

എൻജിനീയറിങ് കോളജ് വിദ്യാർഥികൾ തയാറാക്കുന്ന പ്രോജക്ടുകളുടെയും അസൈൻമെന്റുകളുടെയും വിശദാംശങ്ങൾ പ്രത്യേക വെബ്സൈറ്റിൽ നൽകാനും യോഗം തീരുമാനിച്ചു. ഇതു പിന്നീടു വരുന്ന വിദ്യാർഥികൾക്കു പരിശോധിക്കാനും ആശയങ്ങൾ പങ്കു വയ്ക്കാനും സാധിക്കും. കഴമ്പില്ലാത്ത പ്രോജക്ടുകൾ ഒഴിവാക്കാൻ ഇതു വിദ്യാർഥികൾക്കു സഹായകമാകും. വിദ്യാർഥികൾ മികച്ച പദ്ധതികൾ തയാറാക്കുന്ന പക്ഷം അതു സ്റ്റാർട് അപ് വ്യവസായങ്ങളുമായി സഹകരിച്ചു നടപ്പാക്കാൻ ശ്രമിക്കണമെന്നും യോഗം തീരുമാനിച്ചു.

ചെയർമാൻ ജോസ് സിറിയക് അധ്യക്ഷം വഹിച്ചു. ആദ്യ യോഗമായതിനാൽ കൗൺസിലിൽ നിന്നു സർക്കാർ പ്രതീക്ഷിക്കുന്നത് എന്തെന്നു വിശദീകരിക്കുന്നതിനാണു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, മന്ത്രിമാരായ പി.കെ. കുഞ്ഞാലിക്കുട്ടി, കെ.സി. ജോസഫ് എന്നിവർ പങ്കെടുത്തത്. സ്വകാര്യ മേഖല ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ മേഖലകളിലും നൂതനമായ ആശയങ്ങൾ കണ്ടെത്തുകയും അവ നടപ്പാക്കുന്നതിനു സർക്കാരിന് ഉപദേശം നൽകുകയുമാണ് ഇന്നവേഷൻ കൗൺസിൽ കൊണ്ട് ഉദ്ദേശിക്കുന്നത്.